# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – ജീവനക്കാര്യം - കോഴിക്കോട് ജില്ലയിൽ സാനിട്ടറി ഇൻസ്പെക്ടർ തസ്തികയിൽ രണ്ട് സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി നിയമന ശുപാർശ നൽകിയ 2 ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇ.പി.എ.) വകുപ്പ്

സ.ഉ.(കൈ) നം. 2559/2016/തസ്വഭവ തീയതി, തിരുവനന്തപുരം 30/08/2016

---

പരാമർശം: കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29.06.2015 ലെ എ 1-10/14 നമ്പർ കത്ത്.

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ ഏലത്തൂർ, ബേപ്പൂർ, ചെറുവണ്ണൂർ-നല്ലളം എന്നീ 3 ഗ്രാമപഞ്ചായത്തുകളിലെ സാനിട്ടറി ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ പി.എസ്.സി രണ്ട് ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ അയയ്ക്കുകയും ആയത് പ്രകാരം അഡ്വൈസ് ലഭിച്ചിട്ടും സാനിട്ടറി ഇൻസ്പെക്ടർ തസ്തികയിൽ നിയമനം ലഭിച്ചില്ലായെന്ന വിവരം കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിൽ അറിയിക്കുകയുണ്ടായി.

ഏലത്തൂർ, ബേപ്പൂർ, ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്തുകൾ കോഴിക്കോട് കോർപ്പറേഷനുമായി കൂട്ടിച്ചേർക്കപ്പെട്ടുകയുണ്ടായതിനെത്തുടർന്ന് 3 സാനിട്ടറി ഇൻസ്പെക്ടർ തസ്തികകൾ കുറവ് വന്നുവെന്നും അതിനാൽ പി.എസ്.സി നിയമനശുപാർശ നൽകിയ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുവാൻ കഴിഞ്ഞില്ല എന്നും, തസ്തികകൾ നിലവിലില്ലാത്തിനാൽ നിയമനം നടത്താനാകില്ല എന്ന് വ്യക്തമാക്കി ഉദ്യോഗാർത്ഥികളുടെ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റുകൾ സഹിതം കോഴിക്കോട് ജില്ലാ പി.എസ്.സി ഓഫീസറെ അറിയിച്ചുവെങ്കിലും സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ഇവരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പി.എസ്.സി അറിയിച്ചതായി കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ സാനിട്ടറി ഇൻസ്പെക്ടർ തസ്തികയിലെ 2 ഒഴിവുകൾ നികത്തുന്നതിലേയ്ക്കായി കേരളാ ഫിനാൻഷ്യൽ കോഡ് റൂൾ 69, നോട്ട് (i) മുതൽ (vii) വരെയുള്ള നിബന്ധനകൾക്ക് വിധേയമായി സാനിട്ടറി

ഇൻസ്പെക്ടർമാരുടെ രണ്ട് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച്, പിഎസ് സി നിയമന ശുപാർശ നൽകിയ 2 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇവർ റഗുലർ തസ്തികകളിലേയ്ക്ക് ആഗിരണം ചെയ്യപ്പെടുന്ന മുറയ്ക്ക് ടി സൂപ്പർ ന്യൂമററി തസ്തികകൾ ഇല്ലാതാകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമേശൻ.എം.കെ**

ഗവ.ജോയിന്റ് സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3. കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ ജില്ലാ ഓഫീസ്, കോഴിക്കോട്
4. പ്രിൻസിപ്പൽ എ.ജി. (എ & ഇ/ആഡിറ്റ്) എൽബിഎ&എ), കേരള, തിരുവനന്തപുരം.
5. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
6. ധനകാര്യ വകുപ്പ് (27/01/2016 ലെ ഡെ 1/405/2015/ഫിൻ നമ്പർ പ്രകാരം)
7. ഡയറക്ടർ ഐ.കെ.എം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഫയൽ നം. 389/ഇപിഎ 2/2015/തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ